**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 74 | **30.11.2018-ൽ** മറുപടിക്ക്

## പട്ടികജാതിക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ. ബി.സത്യൻ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ. കെ. ബാബു | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാരുടെ സാമൂഹ്യ-സാമ്പത്തിക ക്ഷേമത്തിനായി ഭവനരഹിതരും ഭൂരഹിതരുമായവർക്ക് ഭൂമിയും വീടും നൽകുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി വകയിരുത്തിയിരിക്കുന്ന തുക എത്രയാണ്; | (എ) | ഭൂമി സ്വന്തമായി ഉള്ള പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 2017-18 മുതൽ 4,00,000/- രൂപ വീതം അനുവദിച്ചു നൽകി വരുന്നു. ഇതിനായി നടപ്പു സാമ്പത്തിക വർഷം 380 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17 ലും 2017-18 ലുമായി 23801 കുടുംബങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചു. മുൻ സർക്കാരിന്റെ കാലത്ത് സ്പിൽ ഓവറായി ഉണ്ടായിരുന്ന 16350 വീടുകൾ ലൈഫ് മിഷൻ മുഖേന പൂർത്തിയാക്കി വരികയാണ്.<br>ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ 6130 പുതിയ വീടുകൾ പട്ടികജാതി കുടുംബങ്ങൾക്ക് അനുവദിച്ചു. അതിനുള്ള വകുപ്പിന്റെ വിഹിതമായി 61.30 കോടി രൂപ അനുവദിച്ചു.<br>ഭൂരഹിതരായവർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കുന്നു. നടപ്പു സാമ്പത്തിക വർഷം 225 കോടി വകയിരുത്തിയിരിക്കുന്നു. 5600 പേർക്ക് സ്ഥലം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | പട്ടികജാതിക്കാർക്ക് വരുമാനദായകമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകി വരുന്ന സാമ്പത്തിക-സാങ്കേതിക പിന്തുണ എന്തെല്ലാമാണ്; | (ബി) & (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് വ്യവസായ സംരംഭങ്ങൾ/ സ്വയംതൊഴിൽ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വ്യക്തികൾക്ക് 3 ലക്ഷം രൂപവരെയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയും വായ്പ എടുക്കാവുന്നതാണ്. മൂന്നിൽ ഒന്ന് ഭാഗം സബ്സിഡി അനുവദിക്കും.<br>NTTF, CBPST മുതലായ സ്ഥാപനങ്ങൾ വഴി തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്. പരിശീലനം പൂർത്തിയാക്കുന്നതനുസരിച്ച് സ്ഥാപനം പരിശീലനാർത്ഥികൾക്ക് placement ഉറപ്പ് വരുത്തുന്നു. വിദേശത്ത് തൊഴിൽ നേടുവാൻ പോകുന്നവർക്ക് 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. |
| (സി) | വിവിധ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും സ്വയം തൊഴിൽ ആരംഭിക്കുന്നതിനും സഹായം നൽകുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ